## 239

വന്ദനം പൊന്നേശുനാഥാ
നന്ദിയാൽ വാഴ്ത്തിടുന്ന ദേവാ

ആരാധിക്കുന്നേൻ ആരാധിക്കുന്നേൻ
പ്രാണപ്രിയനാം ആത്മനാഥനെ
ആരാധിക്കുന്നേൻ ആരാധിക്കുന്നേൻ
പ്രാണപ്രിയനാം ആത്മനാഥനെ

1 ഉന്നതനേ മഹോന്നതനേ രാജാധിരാജാവേ
ഉള്ളലിഞ്ഞു തന്റെ പൊൻകരത്താൽ
താങ്ങി നടത്തിയ നാഥനേ-

2 സന്തതം ഹാ നിന്റെ വൻകൃപയ്ക്കായ് വന്ദനം ചെയ്തിടുന്നു
എന്നുള്ളം മോദമായ് പാടിടുന്നു
നിൻമഹത്വം പാടി വാഴ്ത്തിടുന്നു

3 നീയൊഴികെ ഈ ഭൂവിലൊരു നന്മയില്ലെൻ നാഥാ
ആരാധിപ്പാനെന്നും ആശ്രയിപ്പാൻ
ആഗ്രഹിപ്പനായും നീ മാത്രമേ- **P.B.S**